നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഫണ്ട് വിനിയോഗം

29 (736) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും നാഷണൽ റൂറൽ ഹെൽത്ത് മിഷന് ധനസഹായം ലഭിച്ചത് എത്ര തുക എന്നും; ഓരോ വർഷവും എന്ത് തുക ചെലവഴിച്ചുവെന്നും; ഓരോ വർഷവും എന്ത് തുക ലാപ്സായി എന്നും നടപ്പുവർഷം ഇതുവരെ ചെലവാക്കിയ തുക എത്രയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിലെ വീഴ്ചകൾ സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു; എന്തു നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ ;

(സി) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതി നടത്തിപ്പിനായി നിയോഗിക്കപ്പെട്ടവരിലെ സ്ഥിരം ജീവനക്കാർ, ഡെപ്യൂട്ടേഷൻകാർ, താല്ക്കാലികക്കാർ, പെൻഷൻകാർ തുടങ്ങിയവരുടെ തസ്തിക ഉൾപ്പെടെയുള്ള വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അക്കൗണ്ടന്റ് ജനറൽ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഫണ്ടുപയോഗം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും പരിശോധനയിൽ കണ്ടെത്തിയ വീഴ്ചകളും തടസ്സവാദങ്ങളും എന്താണ് ; പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ദേശീയ ആരോഗ്യ ദൗത്യത്തിനുവേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിച്ച തുകയും, ചെലവഴിച്ച തുകയും അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു.* ദേശീയ ആരോഗ്യ ദൗത്യം മുഖേന ഓരോ വർഷവും ലഭിക്കുന്ന തുകയിൽ ബാക്കിവരുന്ന തുക അടുത്ത വർഷത്തെ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുകയാണ് ചെയ്യാറുള്ളത്. അതിനാൽ തുക ലാപ്സാകുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾ	നടപ്പുവർഷം ഇതുവരെ ചെലവഴിച്ച തുക
പ്രജനന ശൈശവ ആരോഗ്യ പദ്ധതി	74.16
ദേശീയ ആരോഗ്യ ദൗത്യം മറ്റു പദ്ധതികൾ	57.85
ഇമ്മ്യൂണൈസേഷൻ	1.44
ദേശീയ നഗര ആരോഗ്യ പദ്ധതി	5.76
ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി	2.32
ദേശീയ ജന്തുജന്യ രോഗ നിയന്ത്രണ പദ്ധതി	0.47
സംയോജിത രോഗ അവലോകന പദ്ധതി	0.46
ദേശീയ അന്ധതാ നിവാരണ പദ്ധതി	0.63
ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി	0
ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി	0.13
ആകെ ചെലവഴിച്ച തുക	143.22

(ബി) ഫണ്ട് വിനിയോഗം സംബന്ധിച്ച് ചില ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച 5 പരാതികൾ, പുനരന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി ജില്ലാ ഓഫീസർമാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) നാഷണൽ ഹെൽത്ത് മിഷൻ പദ്ധതി നടത്തിപ്പിനായി സ്റ്റേറ്റ് ഓഫീസിൽ നിയോഗിക്കപ്പെട്ടവരുടെ വിവരങ്ങൾ അനുബന്ധം 2-ആയി ചേർത്തിരിക്കുന്നു.*

(ഡി) എല്ലാ വർഷവും അക്കൗണ്ടന്റ് ജനറൽ ദേശീയ ആരോഗ്യ ദൗത്യം മുഖേനയുള്ള ഫണ്ട് വിനിയോഗം സംബന്ധിച്ച് പരിശോധന നടത്തുന്നുണ്ട്. പരിശോധനയിൽ കണ്ടെത്തിയ എല്ലാ തടസ്സവാദങ്ങൾക്കും അതാത് വകുപ്പുകളിൽ നിന്ന് യഥാസമയം അക്കൗണ്ടന്റ് ജനറലിന് മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ പലതും അക്കൗണ്ടന്റ് ജനറൽ എഴുതി തള്ളിയിട്ടുണ്ട്. കേന്ദ്ര സർക്കാർ അംഗീകരിച്ച പദ്ധതികൾ മുഴുവനും നടപ്പിലാക്കാൻ സാധിക്കാതിരിക്കുക, പദ്ധതി നടത്തിപ്പിൽ വന്നിട്ടുള്ള കാലതാമസം ഇവയാണ് പ്രധാനമായും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ചുണ്ടിക്കാണിക്കാറുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ച പദ്ധതികൾ മുഴുവൻ നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിൽനിന്നും മുഴുവൻ ഫണ്ടും വാങ്ങിച്ചെടുക്കാനുള്ള നടപടികളും, വകപ്പുതലവന്മാർക്ക് പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

കാരുണ്യ ഫാർമസി

30 (737) ശ്രീ. കെ. കഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കാരുണ്യ ഫാർമസി ആരംഭിച്ചിട്ടുണ്ടോ ;

(ബി) എൻഡോസൾഫാൻ ദുരിതബാധിതരടക്കമുള്ള കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട്ടും കാസർഗോഡും കാരുണ്യ ഫാർമസിക്കായി കെട്ടിടം ഒരുക്കിയിട്ടും ഇതുവരെ ആയതു തുടങ്ങിയിട്ടില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് എന്ന് തുടങ്ങുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ 35 സർക്കാർ ആശുപത്രികളിൽ (മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുവാനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ 24 കമ്മ്യൂണിറ്റി ഫാർമസികൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ളവയുടെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(ബി&സി) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും, കാസർഗോഡ് ജനറൽ ആശുപത്രിയിലും കാരുണ്യ ഫാർമസികളുടെ പണി പൂർത്തിയായിക്കഴിഞ്ഞു. ഇവയുടെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്.

ചികിത്സാ പിഴവുമൂലം മരിച്ചവരുടെ ആശ്രിതർക്കും അംഗവൈകല്യം സംഭവിച്ചവർക്കുമുള്ള ധനസഹായം

31 (738) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപ ടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ഓരോ വർഷവും ചികിത്സാപ്പിഴവുമൂലം മരണമടഞ്ഞവരുടെയും അംഗവൈകല്യം സംഭവിച്ചവരുടെയും വെവ്വേറെ കണക്ക് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly